നം. KITE/2026/1562 (74) തീയതി : 30.06.2026

# സർക്കുലർ

**വിഷയം:- കൈറ്റ് - ലിറ്റിൽ കൈറ്റ്സ് - 2026-29 ബാച്ച് - റാങ്ക് ലിസ്റ്റിൽ നിന്ന് മറ്റ് ക്ലബ്ബുകളിൽ പോയവരെ ഒഴിവാക്കാനുള്ള തീയതി ദീർഘിപ്പിക്കൽ - അധിക ബാച്ച് അനുവദിക്കൽ - സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 1. സ.ഉ.(സാധാ) നം. 361/2018/പൊ.വി.വ. തീയതി 20.01.2018.
2. ഈ ഓഫീസിലെ 01.06.2026-ലെ കൈറ്റ്/2026/1562(63) നമ്പർ സർക്കുലർ

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ 2026-29 ബാച്ചിലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് 2026 ജൂൺ 18-ന് നടന്ന അഭിരുചി പരീക്ഷയുടെ റാങ്ക് പട്ടികയിൽ നിന്ന് നിശ്ചിത എണ്ണം കുട്ടികളെ ഉൾപ്പെടുത്തി ബാച്ചിന് അനുമതി നൽകുന്നത് സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. സൂചന 2 സർക്കുലർ പ്രകാരം മറ്റു ക്ലബ്ബുകളിൽ അംഗത്വം നേടുന്ന വിദ്യാർത്ഥികളെ താൽക്കാലിക റാങ്ക് പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിന് അനുവദിച്ചിരിക്കുന്ന സമയം 2026 ജൂലൈ 6 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.
2. ഇതിനോടകം റാങ്ക് പട്ടിക കൺഫേം ചെയ്ത വിദ്യാലയങ്ങൾക്ക് മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ ജില്ലാ കോ-ഓർഡിനേറ്റർമാർ അത്തരം വിദ്യാലയങ്ങളുടെ വിവരം സ്റ്റേറ്റ് ഓഫീസിൽ അറിയിച്ച് റീസെറ്റ് ചെയ്യിക്കേണ്ടതാണ്.
3. അന്തിമ റാങ്ക് പട്ടിക പ്രസിദ്ധപ്പെടുത്തിയ ശേഷം തെരഞ്ഞെടുത്ത കുട്ടികളെ മാറ്റി പകരം ഉൾപ്പെടുത്താൻ കഴിയുന്നതല്ല.
4. അഭിരുചി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത് വിദ്യാർത്ഥികളുടെ അഡ്മിഷൻ നമ്പറിൽ മാറ്റം വന്നിട്ടുണ്ടെങ്കിൽ , ജില്ലാതലത്തിൽ വിശദാംശം അനുബന്ധം 2 ൽ ക്രോഡീകരിച്ച് ജൂലൈ 15-നകം സ്റ്റേറ്റ് ഓഫീസിൽ ലഭ്യമാക്കേണ്ടതാണ് (സോഫ്റ്റ് കോപ്പി .ods).
5. അഭിരുചി പരീക്ഷയിൽ വിജയിച്ചതും 2026 ജൂലൈ 6-ന് മുമ്പ് മറ്റ് വിദ്യാലയങ്ങളിലേക്ക് ട്രാൻസ്ഫർ ആയതുമായ വിദ്യാർത്ഥികളെ റാങ്ക് പട്ടികയിൽ നിന്ന് ഒഴിവാക്കേണ്ടതും പുതിയ വിദ്യാലയത്തിൽ യൂണിറ്റ് പ്രവർത്തിക്കുന്നു എങ്കിൽ അവിടെ ഉൾപ്പെടുത്തുന്നതിന് അനുബന്ധം 3-ലുള്ള അപേക്ഷ ജൂലൈ 15-നകം സ്റ്റേറ്റ് ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.
6. അഭിരുചി പരീക്ഷയിൽ 50 ശതമാനമോ അധിലധികമോ മാർക്ക് നേടിയതിൽ എൻ.സി.സി, എസ്.പി.സി, സ്കൗട്ട്സ് & ഗൈഡ്സ്, ജൂനിയർ റെഡ് ക്രോസ് തുടങ്ങി മറ്റ് ക്ലബ്ബുകളിൽ അംഗത്വം നേടാത്ത 80-ലധികം കുട്ടികളുള്ളതും 2025-26 അധ്യയന വർഷത്തിൽ A ഗ്രേഡ് നേടിയതുമായ യൂണിറ്റുകൾ ആവശ്യപ്പെടുന്ന പക്ഷം 2026 - 29 ൽ ഒരു അധിക യൂണിറ്റ് കൂടി അനുവദിക്കുന്നതാണ്. അനുബന്ധം ഒന്നായി ചേർത്തിരിക്കുന്ന ഫോർമാറ്റിൽ 2026 ജൂലൈ 10 നകം സ്കൂൾ പ്രഥമാധ്യാപകർ അപേക്ഷ ജില്ലാ ഓഫീസിൽ നൽകേണ്ടതാണ്.
7. ജില്ലാതലത്തിൽ ലഭിക്കുന്ന അപേക്ഷകൾ ചുമതലയുള്ള മാസ്റ്റർ ട്രെയിനറുടേയും ജില്ലാ കോ-ഓർഡിനേറ്ററുടേയും ശുപാർശ സഹിതം (സോഫ്റ്റ് കോപ്പി) ജൂലൈ 15-നകം സ്റ്റേറ്റ് ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

8. അധിക യൂണിറ്റ് അനുവദിച്ചാൽ പ്രവർത്തിക്കുന്നതിന് നിലവിലുള്ള സൗകര്യങ്ങളും കൈറ്റ് മാസ്റ്റർ/മിസ്ട്രസ്മാരുടെ എണ്ണത്തിനുപരിയായി അധികമായി വേണ്ടിവരുന്ന സൗകര്യങ്ങളും വിദ്യാലയങ്ങൾ ഒരുക്കേണ്ടതാണ്.

9. സൂചന രണ്ട് പ്രകാരം 20-ലധികം കുട്ടികൾ അഭിരുചി പരീക്ഷയിൽ വിജയിക്കുന്ന വിദ്യാലയങ്ങൾക്കാണ് യൂണിറ്റ് അനുവദിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ എട്ടാം ക്ലാസിലെ ആകെ കുട്ടികളുടെ എണ്ണം 30-ന് താഴെ ആയിരിക്കുകയും 15-ലധികം കുട്ടികൾ അഭിരുചി പരീക്ഷയിൽ വിജയിക്കുകയും ചെയ്തിട്ടുള്ള വിദ്യാലയങ്ങൾക്ക് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് താല്പര്യമുണ്ടെങ്കിൽ അവരുടെ അപേക്ഷ ജില്ലാ കോ-ഓർഡിനേറ്റർമാരുടെ ശുപാർശയോടൊപ്പം ജൂലൈ 15-നകം സ്റ്റേറ്റ് ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും – ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ/മാസ്റ്റർട്രെയിനർമാർക്കും

പകർപ്പ്: പൊതുവിദ്യാഭ്യാസ ഡയറക്ടർ – അറിവിലേക്ക്
എല്ലാ ഡി.ഡി.ഇ, ഡി.ഇ.ഒ-മാർക്കും
സ്റ്റോക്ക് ഫയൽ

അനുബന്ധം 1

## ലിറ്റിൽ കൈറ്റ്സ്
## 2026–29 അധിക ബാച്ച് അനുവദിക്കുന്നതിനുള്ള അപേക്ഷ

| | |
|---|---|
| സ്കൂൾ കോഡ് | |
| സ്കൂളിന്റെ പേര് | |
| എട്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം | |
| അഭിരുചി പരീക്ഷ എഴുതിയ കുട്ടികളുടെ എണ്ണം | |
| അഭിരുചി പരീക്ഷയിൽ യോഗ്യത നേടിയവരിൽ മറ്റ് ക്ലബ്ബുകളിൽ അംഗത്വം എടുത്തവരെ ഒഴിവാക്കിയ ശേഷം 10 ലധികം സ്കോർ നേടിയ കുട്ടികളുടെ എണ്ണം | |
| ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്ന ആകെ ലാപ്ടോപ്പുകളുടെ എണ്ണം | |
| കമ്പ്യൂട്ടർ ലാബുകളുടെ എണ്ണം | |
| അധിക ചെലവുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ സ്കൂൾ വഹിക്കാൻ തയ്യാറാണോ? | |
| അധിക ബാച്ച് അനുവദിക്കുകയാണെങ്കിൽ രണ്ട് ബാച്ചുകളായി എല്ലാ പ്രവർത്തനങ്ങളും ക്രമീകരിക്കാൻ സന്നദ്ധമാണോ? | |

**നിലവിലെ കൈറ്റ്മാസ്റ്ററുടെ വിശദാംശങ്ങൾ**

| പേര് | തസ്തിക |
|---|---|
| | |
| | |

**പുതിയ കൈറ്റ് മാസ്റ്ററായി സേവനമനുഷ്ഠിക്കാൻ തയ്യാറുള്ള അധ്യാപകരുടെ വിശദാംശങ്ങൾ**

| പേര് | തസ്തിക |
|---|---|
| | |
| | |

## സത്യപ്രസ്താവന

1. ഞങ്ങളുടെ വിദ്യാലയത്തിൽ അധിക യൂണിറ്റ് അനുവദിക്കുകയാണെങ്കിൽ കൈറ്റ് കാലാകാലങ്ങളിൽ നിർദേശിക്കുന്ന ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും കൃത്യമായും സമയബന്ധിതമായും ചെയ്യുന്നതാണ്.
2. അനുവദിക്കുന്ന അധിക യൂണിറ്റ് പ്രത്യേക ബാച്ചായി കണക്കാക്കി പ്രത്യേക ദിവസങ്ങളിൽ ക്ലാസുകൾ ക്രമീകരിക്കുന്നതാണ്.
3. പുതിയ യൂണിറ്റ് ലഭിക്കുന്നതിലൂടെ ഉണ്ടാകാവുന്ന ചെലവുകൾക്ക് കൈറ്റ് അനുവദിക്കുന്നതിന് ഉപരിയായി ചെലവ് ഉണ്ടായാൽ അത് സ്കൂൾ കണ്ടെത്തുന്നതിന് സന്നദ്ധമാണ്.

| പി.ടി.എ പ്രസിഡന്റ് | പ്രഥമാധ്യാപിക/പ്രഥമാധ്യാപകൻ |
|---|---|
| പേര് | പേര് |
| ഒപ്പ് | ഒപ്പ് |

(ഓഫീസ് സീൽ)

| | |
|---|---|
| ചുമതലയുള്ള മാസ്റ്റർ ട്രെയിനറുടെ ശുപാർശ: | |
| പേര്: | ഒപ്പ്: |
| ചുമതലയുള്ള ജില്ലാ കോ-ഓർഡിനേറ്ററുടെ ശുപാർശ: | |
| പേര്: | ഒപ്പ്: |
| | |

അനുബന്ധം 2

**ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലേയ്ക്ക് തെരഞ്ഞെടുത്ത കുട്ടികളുടെ അഡ്മിഷൻ നമ്പറിൽ തിരുത്തൽ വരുത്തുന്നതിനുള്ള അപേക്ഷ ക്രോഡീകരണം**

| Sl NO | School Code | Ad No in LKMS | Name of Student | Ad No to Added | Name of Student |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

ജില്ലാ കോ– ഓർഡിനേറ്റർ

അനുബന്ധം 3

**ലിറ്റിൽ കൈറ്റ്സ് അഭിരുചി പരീക്ഷയിൽ വിജയിച്ചതും 2026 ജൂലൈ 6 മുമ്പ് മറ്റ് വിദ്യാലയങ്ങളിലേക്ക് ട്രാൻസ്ഫർ ആയതുമായ വിദ്യാർത്ഥികളെ പുതിയ വിദ്യാലയത്തിലെ യൂണിറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ**

1. വിദ്യാർത്ഥിയുടെ പേര് :
2. പരീക്ഷ എഴുതിയ വിദ്യാലയത്തിന്റെ കോഡ്, പേര് :
3. അഡ് മിഷൻ നമ്പർ :
4. അഭിരുചി പരീക്ഷയിൽ നേടിയ റാങ്ക് :
5. നിലവിലെ വിദ്യാലയത്തിന്റെ കോഡ്, പേര് :
6. അഡ് മിഷൻ നമ്പർ :

പ്രഥമാധ്യാപകൻ പേര്
ഒപ്പ്

ജില്ലാ കോ ഓർഡിനേറ്റർ പേര്
ഒപ്പ്